മുദ്രകൾ

## റാബിത്വ സമ്മേളനത്തിന് പരിസമാപ്തി

# സർവമത സമ്മേളനം ജൂലൈ 16-ന് മാഡ്രിഡിൽ



*ഡോ. അബ്ദുൽ മുഹ്സിൻ അത്തുർക്കി*

**സുഊദി** ഭരണാധികാരിയുടെ ആഹ്വാന പ്രകാരം മുസ്‌ലിം വേൾഡ് ലീഗ് ജൂൺ ആദ്യവാരം മക്കയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ഇസ്‌ലാമിക് ഡയലോഗ് സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 600-ലധികം പണ്ഡിതന്മാരും ചിന്തകരും പങ്കെടുക്കുകയുണ്ടായി. ജൂൺ നാല് മുതൽ ആറു വരെ മക്കയിലെ സഫാ കൊട്ടാരത്തിൽ ചേർന്ന സമ്മേളനം സുഊദി ഭരണാധികാരി അബ്ദുല്ല രാജാവ് ഉദ്ഘാടനം ചെയ്തു.

ദൈവികമതങ്ങളുടെ വക്താക്കളുമായുള്ള ആരോഗ്യകരമായ സംവാദം വിവിധ മതങ്ങളും സംസ്കാരങ്ങളും തമ്മിലുള്ള അകൽച്ച കുറക്കാൻ ഉപകരിക്കുമെന്ന് ത്രിദിന സമ്മേളനത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. വിവിധ മതങ്ങളുമായി ഇടകലർന്ന് ജീവിക്കുന്ന മുസ്‌ലിം ന്യൂനപക്ഷ രാജ്യങ്ങളിലെ പണ്ഡിതന്മാർക്കും ചിന്തകർക്കും സമ്മേളനത്തിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നു. മെയ് മാസത്തിൽ നടത്താനിരുന്ന സമ്മേളനം ജൂണിലേക്ക് മാറ്റിയതും മുസ്‌ലിം ന്യൂനപക്ഷ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനായിരുന്നു.

ഇറാനിലെ ശീഈ നേതാക്കൾക്കും സമ്മേളനത്തിലേക്ക് ക്ഷണം ലഭിച്ചു എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഇറാൻ സംഘത്തെ നയിച്ച ഹാശ്മി റഫ്സഞ്ചാനി ഉദ്ഘാടന സമ്മേളനത്തിൽ അബ്ദുല്ല രാജാവിന്റെ തൊട്ടടുത്താണ് ഇരിപ്പുറപ്പിച്ചത്.

ജൂത, ക്രൈസ്തവ മതങ്ങളുടെ വക്താക്കളോട് സംവാദം നടത്തുന്നതിൽ ലോകപണ്ഡിതന്മാരുടെ അഭിപ്രായം ആരായാനായിരുന്നു മക്കാ ഡയലോഗ്. ലോക മുസ്‌ലിം പണ്ഡിത സംഘടനയുടെ പ്രസിഡന്റായ ഡോ. യൂസുഫുൽ ഖറദാവിയുടെ സാന്നിധ്യം മാധ്യമങ്ങൾ പ്രാധാന്യപൂർവം റിപ്പോർട്ട് ചെയ്തു. മതങ്ങൾക്ക് അതീതമായി, മാനവികത അടിസ്ഥാനപ്പെടുത്തി അടുത്ത സംവാദം സംഘടിപ്പിക്കാനാണ് റാബിത്വ ഉദ്ദേശിക്കുന്നതെന്ന് റാബിത്വ സെക്രട്ടറി ജനറൽ ഡോ. അബ്ദുൽ മുഹ്സിൻ അത്തുർക്കി വ്യക്തമാക്കി.

ഡയലോഗ് സമ്മേളനത്തിൽ ഇന്ത്യയിലെ ഇസ്‌ലാമിക പണ്ഡിതന്മാർക്കും ചിന്തകർക്കും ക്ഷണം ലഭിച്ചിരുന്നു. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ മൗലാനാ ജലാലുദ്ദീൻ അൻസർ ഉമരി, സെക്രട്ടറിമാരിലൊരാളായ മൗലാനാ ഇഅ്ജാസ് അസ്‌ലം, ഗൾഫ് *മാധ്യമം* ചീഫ് എഡിറ്റർ വി.കെ ഹംസ അബ്ബാസ് തുടങ്ങിയവർ റാബിത്വയുടെ ഡയലോഗ് സമ്മേളനത്തിൽ പങ്കെടുത്തു. ടൊറൊണ്ടോ ഇസ്‌ലാമിക് സെന്റർ മേധാവിയായ ഇബ്റാഹീം ടൊറൊണ്ടോയും മക്കാ സമ്മേളനത്തിൽ പങ്കെടുക്കാൻ സുഊദിയിലെത്തിയിരുന്നു.

മക്കാ പ്രഖ്യാപനത്തോടെ സമ്മേളനം അവസാനിച്ചപ്പോൾ പ്രധാനമായും 22 ശിപാർശകളാണ് മുന്നോട്ടു വെച്ചത്. സമ്മേളനം വിളിച്ചു ചേർത്ത അബ്ദുല്ലാ രാജാവിന്റെ പേരിൽ കിംഗ് അബ്ദുല്ല അന്താരാഷ്ട്ര ഡയലോഗ് ബോഡി രൂപീകരിക്കണമെന്നതാണ് ഇതിൽ മുഖ്യമായത്. വിവിധ മതസ്ഥരുമായും സമൂഹങ്ങളുമായും വിവിധ തലത്തിലുള്ള ആരോഗ്യകരമായ സംവാദം സംഘടിപ്പിക്കാൻ ഈ വേദി ശ്രമിക്കും.

മക്കാ സമ്മേളനത്തിൽ തീരുമാനമായ സർവമത സമ്മേളനം ജൂലൈ 16 മുതൽ 18 വരെ സ്പെയിനിലെ മാഡ്രിഡിൽ നടക്കും. വിവിധ മതങ്ങളെ പ്രതിനിധീകരിച്ച് പ്രമുഖർ പങ്കെടുക്കും. ■

**അസ്ഹർ പുള്ളിയിൽ**